# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 95** 02-03-2017-ൽ മറുപടി നൽകേണ്ടത്

## വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ.ശശി<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ. ഐ.ബി.സതീഷ് | : | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതു തിരുത്താനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ; | എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉൾപ്പടെയുള്ള സർക്കാർ നിയന്ത്രിത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പ് പോലുള്ള നിയമപ്രകാരമാർഗ്ഗങ്ങളിലൂടെ ജനാധിപത്യ രീതിയിൽ തന്നെ വിദ്യാർത്ഥികൾക്ക് അവരുടെ ജനാധിപത്യ അവകാശം നിലവിൽ അനുവദിച്ചുവരുന്നുണ്ട്. |
| ബി) കോർപ്പറേറ്റ് അടിമകളെ സൃഷ്ടിക്കുന്നതാണ് വിദ്യാഭ്യാസമെന്ന സമൂഹത്തിന്റെ തെറ്റായ ധാരണ അകറ്റാനും സാമൂഹ്യ പ്രതിബദ്ധതയുള്ള പുതുതലമുറയെ വാർത്തെടുക്കുന്ന രീതിയിൽ കലാലയങ്ങളെ മാറ്റിത്തീർക്കാൻ വേണ്ട ഇടപെടൽ | (ബി) സാമൂഹ്യ പ്രതിബദ്ധതയും, മൂല്യബോധവും, സഹജീവികളോട് സ്നേഹവും നന്മയും ഉള്ള പൗരൻമാരെ വാർത്തെടുക്കുന്നതിൽ പൊതുവിദ്യാഭ്യാസത്തിനും ഉന്നതവിദ്യാഭ്യാസത്തിനും വളരെ വലിയ ഒരു പങ്ക് ഉള്ളതിനാൽ അത്തരം ഒരു തലമുറയെ വാർത്തെടുക്കുന്നതിനായി |

| | |
|---|---|
| നടത്താനും സാധ്യമാണോ; | കലാലയങ്ങളിലെ വിദ്യാഭ്യാസ വ്യവസ്ഥിതിയിൽ ഘടനാപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |
| സി)സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് അസോസിയേഷൻ, പ്രിൻസിപ്പൽസ് കൗൺസിൽ തുടങ്ങിയ പേരുകളിൽ സ്ഥാപന ഉടമകൾക്കും മേധാവികൾക്കും നിർബാധം സംഘടനാ പ്രവർത്തനം നടത്താമെന്നിരിക്കെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് ആ അവകാശം നിഷേധിക്കുന്ന നിലപാട് തിരുത്തിക്കാൻ ഇടപെടുമോ? | (സി) വിദ്യാഭ്യാസത്തോടൊപ്പം സാമൂഹ്യബോധവും നീതിയുമുള്ള ഒരു തലമുറയാണ് ഇന്നത്തെ സമൂഹത്തിന് ആവശ്യം. തന്മൂലം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ ധ്വംസിക്കപ്പെടാതിരിക്കുവാൻ സർക്കാർ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**